# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4064.

20-03-2018 ൽ മറുപടിയ്ക്ക്

## നെല്ലിന്റെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ

**ചോദ്യം**

ശ്രീ.ഷാഫി പറമ്പിൽ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെൽകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും നെല്ലിന്റെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | നെൽകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും നെല്ലിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 70 കോടി രൂപയുടെ സമഗ്ര നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി നടപ്പാക്കി. സുസ്ഥിര നെൽകൃഷി വികസനം, സവിശേഷ നെല്ലിനങ്ങളുടെ വ്യാപനം, തരിശുനില കൃഷി, കരനെൽകൃഷി, ഒരുപ്പൂ കൃഷി ഇരുപ്പൂവാക്കൽ എന്നിവയ്ക്ക് നൽകുന്ന ധനസഹായത്തിനു പുറമെ പദ്ധതിയധിഷ്ഠിതമായും അടിസ്ഥാന സൗകര്യ വികസനത്തിനും, മില്ലുകൾ സ്ഥാപിക്കുന്നതിനും മറ്റാവശ്യങ്ങൾക്കും ധനസഹായം നൽകാൻ ഈ പദ്ധതിയിൽ വ്യവസ്ഥയുണ്ട്.<br>നെല്ലിന്റെ ഉല്പാദനക്ഷമത ഉപയോഗിക്കുന്ന വിത്തിന്റെ ഒരു ഗുണമാണ്. അതു മണ്ണിനെയും കാലാവസ്ഥയെയും ആശ്രയിച്ച് പ്രകടിപ്പിക്കുന്നതാണ്. ഉല്പാദനോപാധികൾ കൃത്യമായും, സമയ ബന്ധിതമായും ഉപയോഗിക്കുകയും, കീടരോഗ ബാധ ഉണ്ടാകാതെയിരിക്കുകയും ചെയ്യുകയും, കാലാവസ്ഥ അനുകൂലമായിരിക്കുകയും, ജലലഭ്യത ഉറപ്പാക്കുകയും ചെയ്താൽ വിത്ത് അതിന്റെ പൂർണ്ണമായ ഉല്പാദനക്ഷമത നൽകും. കേരള കാർഷിക |

| | | | |
|---|---|---|---|
| | | | സർവ്വകലാശാല ശാസ്ത്രീയമായ പരിചരണത്തിനായുള്ള ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. സൂക്ഷ്മ മൂലകങ്ങൾ ഉൾപ്പെടെയുള്ള ഘടകങ്ങൾ കാര്യമായി പ്രയോഗിക്കുന്നതിനുള്ള നിർദ്ദേശം ഉൾപ്പെടെ കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെല്ലിന്റെ താങ്ങുവില എത്ര തവണ വർദ്ധിപ്പിച്ചു; വിശദാംശങ്ങൾ നൽകാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം രണ്ടു തവണ നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിച്ചിട്ടുണ്ട്.<br>നെല്ലിന്റെ സംഭരണ വില 2016-17 സീസണിൽ ഒരു രൂപ വർദ്ധിപ്പിച്ച് കിലോഗ്രാമിന് 22.50 രൂപ (ഇരുപത്തി രണ്ട് രൂപ അമ്പത് പൈസ മാത്രം) യ്ക്കാണ് സംഭരണം നടത്തിയത്. 2017-18 സീസണിൽ മിനിമം സപ്പോർട്ട് പ്രൈസിലെ 80 പൈസ വർദ്ധനവ് ഉൾപ്പെടെ കിലോഗ്രാമിന് 23.30 രൂപ (ഇരുപത്തി മൂന്ന് രൂപ മുപ്പത് പൈസ മാത്രം) യ്ക്കാണ് സംഭരണം നടത്തി വരുന്നത്. |

സെക്ഷൻ ഓഫീസർ